LIBRARY ARCHIVES Kerala Legislative Assembly

കരുതൽ തടങ്കലിൽ പാർപ്പിക്കുന്നവരുടെ എണ്ണം

149 (1854) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 587 പേരെ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി&സി) ഈ കാലയളവിൽ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം 557 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

നിക്ഷേപ തട്ടിപ്പുകൾ

150 (1855) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിക്ഷേപ തട്ടിപ്പുകൾ വ്യാപിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ കഴിഞ്ഞ നാലു വർഷത്തിനിടയിൽ ലഭിച്ചിട്ടുണ്ട് ; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മൈക്രോ ഇൻഷ്വറൻസ് നിക്ഷേപ പദ്ധതി, ജനശ്രീ വായ്പാ പദ്ധതി എന്നീ തട്ടിപ്പുകളെ സംബന്ധിച്ചുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിക്ഷേപ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് 3467 പരാതികൾ ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ 1799 കേസുകൾ എടുത്ത് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മൈക്രോ ഇൻഷ്വറൻസ് നിക്ഷേപ പദ്ധതി, ജനശ്രീവായ്പാ പദ്ധതി എന്നീ തട്ടിപ്പുകളെ സംബന്ധിച്ച് പാലക്കാട്, തിരുവനന്തപുരം റൂറൽ എന്നീ പോലീസ് ജില്ലകളിൽ ഓരോ കേസുകൾ രജിസ്റ്റർ ചെയ്ത് മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ജില്ലകളിലെ പണമിടപാടു സ്ഥാപനങ്ങൾ നിരീക്ഷിച്ചു വരികയും ഇത്തരം തട്ടിപ്പുകളിൽ പണം മുടക്കി വഞ്ചിതരാവാതിരിക്കാൻ ജനമൈത്രി പോലീസിന്റെയും മറ്റും സഹായത്തോടെ ജനങ്ങൾക്ക് ബോധവൽക്കരണം സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നു.

വിക്ടിം കോമ്പൻസേഷൻ സ്കീം

151 (1856) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല ചെയ്യപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ;

(സി) ആയതുപ്രകാരം ഇതുവരെ എത്രപേർ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) ഇതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly